# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

(വെബ് എഡിഷൻ മാത്രം) 2006 സെപ്റ്റംബർ 18


# നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പ് മാറ്റിവച്ചു
# അസോസിയേഷൻ 22-ാം തീയതിക്കുശേഷം കൂടും


**അൽമായവേദി ന്യൂസ് സർവീസ്**


പ. കാതോലിക്കാബാവാ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുന്നതിനെതിരെ എറണാകുളം രണ്ടാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നിന്നും പുറപ്പെടുവിച്ച നിരോധനത്തിനെതിരെ എറണാകുളം അഡീ. ജില്ലാ ജഡ്ജിയുടെ കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന അപ്പീലിന്മേൽ വിധി പറയുവാനായി സെപ്റ്റംബർ 22-ാം തീയതിയിലേക്ക് മാറ്റിവച്ചു. ഇതുമൂലം സെപ്റ്റംബർ 21-ാം തീയതി ചേരാനിരുന്ന അസ്സോസിയേഷൻ യോഗം മാറ്റിവയ്ക്കുവാൻ സഭാനേതൃത്വം നിർബന്ധിതമായി. സ്ഥിതിഗതികൾ വിലയിരുത്തുവാനായി ലീഗൽ സെൽ 16-ാം തീയതിയും വർക്കിംഗ് കമ്മറ്റിയുടെയും സുന്നഹദോസ് അംഗങ്ങളുടെയും അനൗപചാരിക യോഗവും ചേർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. സെപ്റ്റംബർ 21-ാം തീയതി ചേരാനിരുന്ന അസോസിയേഷൻ യോഗം മാറ്റിവച്ചു.

2. 22-ാം തീയതിയിലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ കഴിയുന്നത്ര അടുത്ത തീയതിയിൽ അസോസിയേഷൻ വിളിച്ചുകൂട്ടും. പ. ബാവായ്ക്കുള്ള വിലക്ക് നീങ്ങിയാൽ പ. ബാവായോ അല്ലാത്തപക്ഷം വൈസ് പ്രസിഡന്റുമാരായ മെത്രാപ്പോലീത്താമാരോ യോഗം വിളിച്ചുകൂട്ടും.

3. പ. ബാവാ തിരുമേനിയുടെ തിരഞ്ഞെടുപ്പും സ്ഥാനാരോഹണവും അംഗീകരിക്കുക എന്നത് മാത്രമായിരിക്കും യോഗത്തിന്റെ അജണ്ട. നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പ് അനിശ്ചിതകാലത്തേക്ക് മാറ്റിവച്ചു.

നിലവിലുള്ള സാഹചര്യങ്ങളിൽ സ്വീകരിക്കാവുന്ന ഏറ്റവും ബുദ്ധിപൂർവ്വമായ തീരുമാനങ്ങളാണിവ എന്ന് നിരീക്ഷകർ വിലയിരുത്തുന്നു.

---



“പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പുരാതനവും പരിശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പൊസ്തോലികത്വത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോലിക്കാ സ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നു കളയരുത്... ഈ സിംഹാസനം സംരക്ഷിച്ചു കൊണ്ടുപോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളുമായ ജനങ്ങളും ഏകകൈയോടെ നിന്ന് മുമ്പോട്ടു പോകുന്നതിനും നാം നിങ്ങളെ ഏവരെയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.”

**– പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ**
**കാതോലിക്കാ ബാവാ** (അന്ത്യ കല്പനയിൽ നിന്ന്)



“നിങ്ങൾ സഭയെ രക്ഷിയ്ക്കുകയും മറ്റുള്ളവരുടെ മുമ്പാകെ മാതൃകാപരമായി സന്മാർഗ്ഗ നിഷ്ഠയോടെ ജീവിയ്ക്കുകയും ചെയ്യണം. സഭയുടെ ചിട്ടകൾ അനുസരിച്ചു നീങ്ങണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ കുടുംബവും, രാജ്യവും, സഭയും വിജയിക്കും. നിങ്ങൾ സഭയുടെ സംരക്ഷകരാണ്. നിങ്ങളുടെ അപമാനവും ബഹുമാനവും സഭയുടെ അപമാനവും ബഹുമാനവുമാണ്. നിങ്ങൾ സ്നേഹത്തോടും സന്തോഷത്തോടും ഐക്യത്തോടും പ്രവർത്തിച്ചു സഭയ്ക്ക് മഹിമ കൈവരുത്തണം.”

**– പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ**
(1970 ഡിസംബർ 31-ാം തീയതി എം. ഡി.
അസ്സോസിയേഷനിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്)

# സഭാംഗങ്ങളായ എം. എൽ. എ. മാർ

**ഉമ്മൻ ചാണ്ടി**
(പുതുപ്പള്ളി)
ഭൂരിപക്ഷം: 19863





**ജോസഫ് എം. പുതുശ്ശേരി**
(കല്ലൂപ്പാറ)
ഭൂരിപക്ഷം: 7488

**ജോസ് ബേബി**
(മണ്ണാർക്കാട്)
ഭൂരിപക്ഷം: 7213





**എം. ജെ. ജേക്കബ്**
(പിറവം)
ഭൂരിപക്ഷം: 5150

**എം. എം. മോനായി**
(കുന്നത്തുനാട്)
ഭൂരിപക്ഷം: 2057





**രാജാജി മാത്യു തോമസ്**
(ഒല്ലൂർ)
ഭൂരിപക്ഷം: 7969

**ബാബു പോൾ**
(മൂവാറ്റുപുഴ)
ഭൂരിപക്ഷം: 13225



## നിയമസഭയിലേയ്ക്കു മത്സരിച്ച സഭാംഗങ്ങൾ

കോട്ടയം: കേരള നിയമസഭയിലേയ്ക്കു നടന്ന പൊതു തെരഞ്ഞെടുപ്പിൽ മത്സരിച്ച സഭാംഗങ്ങൾ:

**സ്ഥാനാർത്ഥിയുടെ പേര്, നിയോജക മണ്ഡലം, ഇടവക, പാർട്ടി എന്ന ക്രമത്തിൽ.**

1. ശോഭനാ ജോർജ്ജ്, (തിരു. വെസ്റ്റ്) ചെങ്ങന്നൂർ പഴയസുറിയാനിപ്പള്ളി, ഡി. ഐ. സി. (കെ)
2. പ്രൊഫ: ഡി. കെ. ജോൺ, (അടൂർ) അടൂർ സെന്റ് മേരീസ്, കേരളാ കോൺഗ്രസ് (ജെ)
3. ജോസഫ് പുതുശ്ശേരി, (കല്ലൂപ്പാറ) കല്ലൂപ്പാറ സെന്റ് മേരീസ്, കേരളാ കോൺഗ്രസ് (എം)
4. ഉമ്മൻ ചാണ്ടി, (പുതുപ്പള്ളി) പുതുപ്പള്ളി വലിയ പള്ളി, കോൺഗ്രസ് (ഐ)
5. ബാബു പോൾ, (മൂവാറ്റുപുഴ) കുന്നക്കുരുടി കത്തീഡ്രൽ, സി. പി. ഐ.
6. എം. ജെ. ജേക്കബ്, (പിറവം), വടകര സെന്റ് ജോൺസ്, സി. പി. ഐ. (എം)
7. അഡ്വ. എം. എം. മോനായി, (കുന്നത്തുനാട്), അയ്യമ്പള്ളി സെന്റ് ജോൺസ്, സി. പി. ഐ. (എം)
8. രാജാജി മാത്യു തോമസ്, (ഒല്ലൂർ), കണ്ണാർ സെന്റ് മേരീസ്, സി. പി. ഐ.
9. എം. എം. വർഗീസ്, (തൃശ്ശൂർ), ചവറാംമ്പാടം സെന്റ് ജോർജ്ജ്, സി. പി. ഐ. (എം)
10. ജോസ് ബേബി, (മണ്ണാർക്കാട്), വെള്ളാപ്പാടം സെന്റ് ജോൺസ്, സി. പി. ഐ.

### പുത്തൻകുരിശു സൊസൈറ്റിയുമായി സഹകരിച്ചു നിൽക്കുന്ന വിഘടിത വിഭാഗത്തിലെ അംഗങ്ങൾ

1. റ്റി. എം. ജേക്കബ്, (പിറവം), ആട്ടിൻകുന്ന്, ഡി. ഐ. സി (കെ)
2. സാജു പോൾ, (പെരുമ്പാവൂർ), വേങ്ങൂർ, സി. പി. ഐ. (എം)
3. പി. പി. തങ്കച്ചൻ, (കുന്നത്തുനാട്) പെരുമ്പാവൂർ, കോൺഗ്രസ്സ് (ഐ)
4. റ്റി. യു. കുരുവിള, (കോതമംഗലം) ബഥേൽ സുലോക്കോ കേരളാ. കോൺഗ്രസ്സ് (ജെ)
5. പി. ജെ. പൗലൂസ്, (കോതമംഗലം) കോൺഗ്രസ്സ് (ഐ).

2006 മെയ് 11 ന് നടന്ന ഫലപ്രഖ്യാപനത്തിൽ യു. ഡി. എഫിൽ 2 പേരും എൽ. ഡി. എഫിന്റെ 7 പേരും വിജയിച്ചു.

വിജയിച്ചവർ: എൽ. ഡി. എഫ്: ബാബു പോൾ (മുവാറ്റുപുഴ), എം. ജെ. ജേക്കബ് (പിറവം), അഡ്വ. എം. എം. മോനായി (കുന്നത്തുനാട്), രാജാജി മാത്യു തോമസ് (ഒല്ലൂർ), ജോസ് ബേബി (മണ്ണാർക്കാട്), സാജു പോൾ (പെരുമ്പാവൂർ), റ്റി. യു. കുരുവിള (കോതമംഗലം).

യു. ഡി. എഫ്: ജോസഫ് എം. പുതുശ്ശേരി (കല്ലൂപ്പാറ), ഉമ്മൻചാണ്ടി (പുതുപ്പള്ളി)

മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് ഏഴു പേരും യാക്കോബായ വിഭാഗത്തിൽ നിന്നു രണ്ടു പേരും നിയമസഭയിൽ എത്തി.

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**